# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.50

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി പദ്ധതികളുടെ നിർവ്വഹണം

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ. കെ. ബാബു | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഓരോ നിയോജകമണ്ഡലത്തിലും അഞ്ഞൂറ് കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന കിഫ്ബി പദ്ധതികളുടെ ആവിഷ്കരണത്തിലോ നടത്തിപ്പിലോ യാതൊരു പരാതിയും ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ അവയ്ക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നത് വികസന പ്രവർത്തനത്തെ ദുർബലപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിന് കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). എല്ലാ നിയോജക മണ്ഡലത്തിനും പ്രാധാന്യം നൽകിക്കൊണ്ട് നാളിതുവരെ 45,619.10 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും, ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതിനു പുറമെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തി വരുകയും ചെയ്യുന്നു കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പൊതുജനങ്ങളുടെ ഇടയിൽ പരമാവധി എത്തിക്കുവാനും ഇവ |

| | |
|---|---|
| | സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്ന പക്ഷം അവ ഫലപ്രദമായി ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ എല്ലാ ഘട്ടത്തിലും കിഫ്ബി സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടു പോകുന്നത്. അതിനാൽ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ യാതൊരു വിധത്തിലും നിലനിൽക്കാറില്ല, കിഫ്ബിയുടെ പ്രവർത്തനത്തെ ദുർബലപ്പെടുത്തുന്നുമില്ല. |
| (ബി) പ്രഖ്യാപിത ലക്ഷ്യാനുസരണം പദ്ധതികൾ വിശദമായി പരിശോധിച്ച് അംഗീകാരം നൽകിയ അത്ര കാര്യക്ഷമതയോടെ നിർവ്വഹണം കൂടി സാധ്യമാക്കുന്നതിന് പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങളുടെ നിർവ്വഹണശേഷി വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുണ്ടാകുമോ; | പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനു പുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) കിഫ്ബിയിലെ ധനകാര്യ-ഭരണ വിഭാഗം, പദ്ധതി അവലോകന വിഭാഗം, ഇൻസ്പെക്ഷൻ അതോറിറ്റി എന്നിവയുടെ പ്രവർത്തനം വിശദമാക്കാമോ? | സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ ധനകാര്യ വകുപ്പാണ് കിഫ്ബിയുടെ ധനകാര്യ - ഭരണ വിഭാഗത്തിന്റെ ഭരണ നിർവഹണം നടത്തുന്നത്. കിഫ്ബിയുടെ ഭരണപരവും ധന സമാഹരണ / വിനിയോഗപരവുമായ തീരുമാനങ്ങൾ സ്വീകരിക്കുകയും, അവ നടപ്പിലാക്കുകയുമാണ് ധനകാര്യ - ഭരണ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.<br>2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ട് 17 എ വകുപ്പ് പ്രകാരം പരിശോധന അധികാരസ്ഥാനങ്ങളെ നിയമിക്കുന്നതിനും കിഫ്ബി അംഗീകരിച്ച് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) മുഖേന നടപ്പിലാക്കുന്ന |

വിവിധ പദ്ധതികളുടെ നടത്തിപ്പിലെ ഭരണപരമായ സുതാര്യതയും. കൃത്യതയും ഭൗതിക പുരോഗതിയും വിലയിരുത്തുന്നതിനും കിഫ്ബിയിലെ പരിശോധന വിഭാഗം നിലവിലുണ്ട്. ഇതിൽ സാങ്കേതിക പരിശോധന വിഭാഗവും ഭരണ പരിശോധന വിഭാഗവും ഉൾപ്പെടുന്നു. ഇൻസ്പെക്ഷൻ അതോറിറ്റിക്ക്, അഡ്മിനിസ്ട്രേറ്റീവ് ഇൻസ് പെക്ഷൻ വിഭാഗം (AIW), ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം (TIW) എന്നി രണ്ടു ഉപ വിഭാഗങ്ങളുണ്ട്.

<u>ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ</u>

പദ്ധതിയുടെ രൂപകൽപ്പന, എൻജിനീയറിങ്, കരാർ, ആസൂത്രണത്തിലെയും നടത്തിപ്പിലെയും ഗുണനിലവാര പരിശോധന എന്നിവയൊക്കെയാണ് ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ചുമതലകൾ. ഈ വിഭാഗം യഥാസമയങ്ങളിൽ നടത്തി വരുന്ന ഇൻസ്പെക്ഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായകമാകുന്നു. ഒപ്പം നിർമ്മാണ ചെലവിനനുവദിച്ച തുകയുടെ കൃത്യമായ വിനിയോഗത്തിനും ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സഹായകമാകുന്നു.

<u>അഡ്മിനിസ് ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ</u>

ഭരണ പരിശോധന വിഭാഗം കൃത്യമായ ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളിൽ പരിശോധന നടത്തിവരുന്നുണ്ട്. കിഫ്ബി പ്രോജക്ടിന് അംഗീകാരം നൽകിയപ്പോൾ മുന്നോട്ടു വച്ച നിബന്ധനകൾ, സാങ്കേതിക അനുമതി, ടെൻഡർ നിബന്ധനകൾ, സ്റ്റാറ്റ്യൂട്ടറി പെർമിറ്റുകൾ, ടെൻഡർ നടപടികൾ, കരാർ അനുമതി, കരാർ ഉടമ്പടി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും നിലവിലെ നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധന നടത്തി വരുന്നു. അതോടൊപ്പം പ്രവർത്തികളുടെ നിശ്ചയിക്കപ്പെട്ട സമയക്രമം പാലിക്കപ്പെടുന്നുവോ എന്നും പരിശോധിക്കാറുണ്ട്.

__കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ__

ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഭരണാനുമതിക്കനുസൃതമായി നിർദിഷ്ട പദ്ധതി നിർവഹണ ഏജൻസികൾ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ടുകൾ സ്വീകരിക്കുക, പദ്ധതി റിപ്പോർട്ടുകളിന്മേൽ അവലോകനം നടത്തുക, കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മറ്റി എന്നിവയ്ക്ക് സമർപ്പിക്കാനുതകുന്ന പദ്ധതി റിപ്പോർട്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിനായി പദ്ധതി നിർവഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകുക, കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാരം നൽകിയ പദ്ധതികളിന്മേൽ പദ്ധതി നിർവഹണ ഏജൻസികൾ സ്വീകരിക്കുന്ന നടപടികൾ (സാങ്കേതിക അനുമതി, വർക്ക് ബ്രേക്ക്ഡൗൺ സ്ട്രക്ച്ചർ, ടെൻഡർ, പദ്ധതി നിർവഹണം) എന്നിവ നിരീക്ഷിക്കുകയും പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകന യോഗങ്ങൾ നടത്തുകയും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതി നിർവഹണത്തിനിടയിൽ വരുന്ന പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുക, ഘട്ടം ഘട്ടമായി സമർപ്പിക്കപ്പെടുന്ന ബില്ലുകൾ പരിശോധിച്ച് പേയ്മെന്റ് നൽകുന്നതിനായി ശിപാർശ ചെയ്യുക എന്നിവയാണ് പദ്ധതി അവലോകന വിഭാഗത്തിന്റെ മറ്റു പ്രധാന പ്രവർത്തനങ്ങൾ.

(signature)

**ജോയിന്റ് സെക്രട്ടറി**